പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1225 12.07.2016-ലെ മറുപടിക്ക്

<u>കൊട്ടാരക്കര ഡിപ്പോയിൽ നിന്നുള്ള ബാംഗ്ലൂർ, മൂകാംബിക സർവ്വീസുകൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര ഡിപ്പോയിൽ നിന്നുള്ള ബാംഗ്ലൂർ, മൂകാംബിക സർവ്വീസുകൾക്ക് നിലവിൽ ഏത് തരം ബസുകളാണ് ഉപയോഗിക്കുന്നത്; | (എ) | കൊട്ടാരക്കര - ബാംഗ്ലൂർ സർവ്വീസിന് സൂപ്പർ ഡീലക്സ് ബസും, മൂകാംബിക സർവ്വീസിന് സൂപ്പർ എക്സ്പ്രസ്സുമാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത ബസുകൾക്ക് എന്ത് കാലപ്പഴക്കമുണ്ട്; | (ബി) | കൊട്ടാരക്കര - ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന ബസുകൾക്ക് 2 വർഷം 10 മാസം പഴക്കമാണുള്ളത്. കൊട്ടാരക്കര - മൂകാംബിക സർവീസ് നടത്തിയിരുന്നത് സൂപ്പർ എക്സ്പ്രസ്സ് ബസ്സുകൾ ആയിരുന്നു. എന്നാൽ അഞ്ചുവർഷം കാലാവധി പൂർത്തിയായതിനെ തുടർന്ന് എക്സ്പ്രസ്സ് ബസുകൾ പിൻവലിച്ച് താല്കാലികമായി സൂപ്പർ ഫാസ്റ്റ് ബസ്സുകൾ ഉപയോഗിച്ചാണ് സർവ്വീസ് നടത്തുന്നത്. ഈ സർവ്വീസുകൾക്ക് ഉടൻ തന്നെ പുതിയ സൂപ്പർ എക്സ്പ്രസ്സ് ബസ്സുകൾ അനുവദിക്കുന്നതാണ്. |
| (സി) | സർവ്വീസ് നടത്തി വരുന്ന ബസ്സുകളുടെ ശോച്യാവസ്ഥ മൂലം കളക്ഷൻ കുറയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മൂകാംബിക സർവ്വീസിൽ ഉപയോഗിക്കുന്ന സൂപ്പർ എക്സ്പ്രസ്സ് ബസ് 5 വർഷം കാലാവധി പൂർത്തിയാക്കിയതിനാൽ ചില ദിവസങ്ങളിൽ സൂപ്പർ ഫാസ്റ്റ് ബസ്സുകൾ ഉപയോഗിച്ചാണ് സർവ്വീസ് നടത്തുന്നത്. ഇതുമൂലം കളക്ഷനിൽ നേരിയ കുറവ് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സർവ്വീസുകൾക്കായി ആധുനിക ബസുകൾ അനുവദി ക്കാൻ അടിയന്തര നടപടി സ്വീകരി ക്കുമോ? | (ഡി) | കൊട്ടാരക്കര - മൂകാംബിക സർവീസുകൾ ക്ക് പുതിയ സൂപ്പർ എക്സ്പ്രസ്സ് ബസുകൾ ഉടനെ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ